കേരളീയരായ സൈനിക ഉദ്യോഗസ്ഥൻമാരുടെ ജീവഹാനി സംബന്ധിച്ച പരാതി

*585 [635] ശ്രീ. പി. കെ. വാസുദേവൻ നായർ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കെ. ടി. കണാരൻ:
,, കെ. ടി. കുമാരൻ:
,, എം. കെ. കേശവൻ:
,, ജെ. ചിത്തരഞ്ജൻ:
,, ഇ. കെ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈന്യത്തിൽ സേവനം അനുഷ്ഠിച്ചിരുന്ന കേരളീയരായ ഉദ്യോഗസ്ഥൻമാരുടെ ജീവഹാനി സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ പലതും സ്വാഭാവികമരണമല്ലെന്നും കൊലപാതകമാണെന്ന് സംശയിക്കുന്നതായി അവരുടെ ബന്ധുക്കളിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ പരാതികളിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ):

(എ) രണ്ട് പരാതികൾ ലഭിച്ചതായിട്ടു കാണുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഈ പരാതികളെക്കുറിച്ച് വേണ്ട അന്വേഷണം നടത്തി അതിന്റെ ഫലം സംസ്ഥാന ഗവൺമെൻറിനെ അറിയിക്കണമെന്ന് കേന്ദ്ര ഗവൺമെൻറിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ഗവൺമെൻറ് ജീവനക്കാർക്ക് ഓണം പ്രമാണിച്ച് ഒരു മാസത്തെ ശമ്പളം അലവൻസ് ആയി നൽകണമെന്ന നിവേദനം

*586 [636] ശ്രീ. കെ. കെ. ശ്രീനിവാസൻ:
,, ഇ. അഹമ്മദ്:
,, എ. പി. ഹംസ:
,, ടി. എം. ജേക്കബ്:
,, ജോസ് കുറ്റിയാനി:
,, ഇ. രമേശൻ നായർ:
,, രാഘവൻ പൊഴക്കടവിൽ:

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാജൻ മാസ്റ്റർ:

,, എം. പി. താമി:

,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ജീവനക്കാർക്ക് ഓണം പ്രമാണിച്ച് ഒരു മാസത്തെ ശമ്പളം അലവൻസ് ആയി നൽകണമെന്ന് ഏതെങ്കിലും ഗവൺമെന്റ് ജീവനക്കാരുടെ സംഘടനകളിൽനിന്നും നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ):

(എ) ഉണ്ട്.

(ബി) പരിശോധനയിലാണ്.

ഇലക്ട്രിസിറ്റി വിതരണ സെക്ഷനുകൾ വിഭജിക്കുന്നതിൽ അംഗീകരിച്ചിരിക്കുന്ന മാനദണ്ഡം

*587 (637) ശ്രീ. എൻ. പി. മൊയ്തീൻ:

,, വി. എം. സുധീരൻ:

,, രാമചന്ദ്രൻ കടന്നപ്പള്ളി:

,, കെ. മുഹമ്മദാലി:

,, ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇലക്ട്രിസിറ്റി വിതരണ സെക്ഷനുകൾ വിഭജിക്കുന്നതിൽ അംഗീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണ്?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

ഇലക്ട്രിക്കൽ സെക്ഷനുകൾ ആരംഭിക്കുന്നതിനുള്ള പുതിയ ഒരു മാനദണ്ഡം ബോർഡ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

കേരള കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനം

*588 [638] ശ്രീമതി ഭാർഗവി തങ്കപ്പൻ:

ശ്രീ. വി. കെ. രാജൻ:

,, ബി. എം. ഷെരീഫ്:

,, പി. കെ. ഗോപാലകൃഷ്ണൻ:

,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly